# 50. ഡോഗ്രിയും ഇന്ത്യയിലെ ഭാഷാപ്രശ്നവും

ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കിയവർ അതിൽ പതിനഞ്ചു ഭാഷകളുടെ ഒരു പട്ടിക (എട്ടാം പട്ടിക) ഉൾപ്പെടുത്തി. ഹിന്ദി, ബംഗാളി, മറാഠി, ഗുജറാത്തി, ഉർദു, പഞ്ചാബി, കാശ്മീരി, അസമിയ, ഒറിയ, തമിഴ്, തെലുഗു, കന്നഡം, മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നിവയാണ് ഈ പട്ടികയിൽ പേർ ചേർത്ത ഭാഷകൾ. ഇവയെല്ലാം ഇന്ത്യയുടെ ദേശീയഭാഷകളായി അംഗീകരിക്കപ്പെട്ടു. ഭാഷാടിസ്ഥാനത്തിൽ സ്റ്റേററുകൾ പുനസ്സംഘടിപ്പിക്കപ്പെടുമ്പോൾ അതാതു സ്റ്റേററിൽ ഭൂരിപക്ഷം ജനങ്ങൾ സംസാരിക്കുന്ന മേല്പറഞ്ഞ ഭാഷകളിലൊന്ന് അവിടത്തെ ഭരണഭാഷയും വിദ്യാഭ്യാസഭാഷയുമായിരിക്കണമെന്നു തീരുമാനിക്കപ്പെട്ടു. ആവശ്യമെങ്കിൽ ഒരു സ്റ്റേററിൽ ഒന്നിലധികം ഭരണഭാഷകളും ആവാം. ഹിന്ദി കേന്ദ്രഗവണ്മെൻറിൻെറ ഭരണഭാഷയായിരിക്കണമെന്നും നിശ്ചയിച്ചു. എങ്കിലും കുറേക്കാലത്തേക്ക് ഇംഗ്ലീഷിനുകൂടി കേന്ദ്രത്തിൽ ഒരു ഉപ—ഭരണഭാഷയുടെ പദവി നൽകി. ഈ ഭാഷകളുടെയും അവയിലടങ്ങിയ സാഹിത്യത്തിൻെറയും പോഷണം ദേശീയകർത്തവ്യമായി അംഗീകരിക്കപ്പെട്ടു. ഭരണഘടനയിലെ എട്ടാം പട്ടികയിൽ പേർ ചേർക്കാത്ത ഭാഷകളും അവഗണിക്കപ്പെട്ടില്ല. അവ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്ക്, അവയിലൂടെ പ്രാഥമികവിദ്യാഭ്യാസം നേടുവാൻ അവകാശമുണ്ടെന്ന് അംഗീകരിച്ചു. എല്ലാ സ്റ്റേററിലും വിദ്യാഭ്യാസസംവിധാനത്തിൽ, അതാതിടത്തെ പ്രാദേശികഭാഷ അദ്ധ്യയനമാധ്യമമായും, ഹിന്ദി സമ്പർക്കഭാഷയെന്ന നിലയിലും ഇംഗ്ലീഷ് ലൈബ്രറിഭാഷയെന്ന നിലയിലും പഠിപ്പിക്കാൻ ഏർപ്പാടുണ്ടാക്കണമെന്നും നിശ്ചയിച്ചു. ഇതാണു പ്രസിദ്ധമായ ത്രിഭാഷാ പദ്ധതി.

ഭരണഘടനാ നിർമ്മാണസമിതിയുടെ ഈ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ, പക്ഷേ, തുടർന്നുവന്ന ഗവണ്മെൻറുകൾക്കു യാതൊരു ശുഷ്കാന്തിയും ഉണ്ടായിരുന്നില്ല. തീരുമാനങ്ങൾ നടപ്പിൽ വരുത്താനല്ല, നടപ്പിൽ വരുത്താതെ എന്തെങ്കിലും ഒഴികഴിവു പറഞ്ഞു നീട്ടിക്കൊണ്ടുപോകാനാണ് ഇക്കഴിഞ്ഞ മൂന്നര ദശാബ്ദങ്ങളായി മിക്ക ഗവണ്മെൻറുകളും താല്പര്യം കാണിച്ചത്. ഭരണഭാഷയെന്ന നിലയിലും അദ്ധ്യയനമാധ്യമമെന്ന നിലയിലും സമ്പർക്കഭാഷയെന്ന നിലയിലും ഇംഗ്ലീഷിൻെറ പ്രാധാന്യം സിമൻറിട്ടുറപ്പിക്കുകയായിരുന്നു ഭരണവർഗത്തിൻെറ ലക്ഷ്യം. ഭാഷാടിസ്ഥാനത്തിൽ സ്റ്റേററുകൾ പുനസ്സംഘടിപ്പിക്കുന്ന കാര്യംതന്നെ അനിശ്ചിതകാലത്തേക്കു നീട്ടിവച്ചു. ഭാഷാഭ്രാന്ത് ആളിക്കത്തുകയും അക്രമപ്രക്ഷോഭണങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തശേഷമേ, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവല്ക്കരിക്കുകയെന്ന ദേശീയ തീരുമാനം നടപ്പിലാക്കപ്പെട്ടുള്ളു. അപ്പോഴും, ഭാവിയിൽ എത്രയോ കാലത്തേക്കു സ്റ്റേററുകൾക്കിടയിൽ മാത്സര്യം നിലനിർത്തി വളർത്തുന്നതിനു് ഉതകുന്ന വിധത്തിലായിരുന്നു സംസ്ഥാനങ്ങളുടെ അതിർത്തിവിഭജനം.

ഹിന്ദി ഒരിക്കലും കേന്ദ്രഭരണഭാഷയാവരുതെന്ന ഉദ്ദേശ്യം നമ്മുടെ പല ഉന്നത നേതാക്കൾക്കുമുണ്ടായിരുന്നു. ഈ ഉദ്ദേശ്യം നിറവേറുന്നതിനു പററിയ വ്യവസ്ഥകൾ പ്രധാനമന്ത്രി ജവാഹർലാലിനെക്കൊണ്ടു തുടക്കത്തിലേ അംഗീകരിപ്പിക്കാൻ അവർക്കു കഴിഞ്ഞു. സ്റ്റേററുകൾ ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിച്ചപ്പോഴും, പ്രാദേശികഭാഷകളെ ഭരണഭാഷാ സ്ഥാനത്തുനിന്നും അദ്ധ്യയനമാദ്ധ്യമ പദവിയിൽനിന്നും അകററി

നിർത്താനുള്ള ഗൂഢതന്ത്രങ്ങൾക്കായിരുന്നു വിജയം. ഭാഷാസ്നേഹം ഒരു ബഹുജനോന്മാദമായി വികസിച്ച തമിഴ്നാട്ടുപോലുള്ള പ്രദേശങ്ങളിൽപ്പോലും സ്ഥിതി ഏറെക്കുറെ ഇതാണെങ്കിൽ, ഭാഷാഭിമാനം തൊട്ടുതളിച്ചിട്ടുപോലുമില്ലാത്ത കേരളംപോലെയുള്ള ഒരു സംസ്ഥാനത്തിൽ കാര്യം മറിച്ചാവാൻ സംഗതിയില്ലല്ലോ. പേരിനെങ്കിലും നടപ്പിൽ വരുത്തിയ ത്രിഭാഷാപദ്ധതിപോലും ഉപേക്ഷിച്ച്, ഇംഗ്ലീഷിനു സർവ്വാധിപത്യവും പ്രാദേശികഭാഷയ്ക്കു് ഒരു താഴ്ന്ന ഉപഭാഷാപദവിയും നല്കിക്കൊണ്ടു്, പുതിയ ഒരു ദ്വിഭാഷാപദ്ധതി നടപ്പിലാക്കണമെന്നു വാദിക്കുന്ന ഒരു സംഘടിതപ്രസ്ഥാനംതന്നെ കേരളത്തിൽ ഉടലെടുത്തുകഴിഞ്ഞിട്ടുണ്ടു്.

ഭരണഘടനയിൽ ഭാഷകളുടെ ഒരു പട്ടിക ചേർത്തതു്, ബഹുഭാഷാരാഷ്ട്രമായ ഇന്ത്യയിൽ ഭാഷാപ്രശ്നത്തിനു യുക്തിസംഗതവും സാർവകാലികവും ആയ പരിഹാരം ഉണ്ടാക്കുന്ന ഒരു ഭാഷാനയം നടപ്പിൽ വരുത്താനായിരുന്നു. ഈ നയം നടപ്പിൽ വരുത്തുകയുണ്ടായില്ല. അതോടെ, മുമ്പില്ലാതിരുന്ന പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനു ഭരണഘടനയിലെ ഭാഷപ്പട്ടിക കാരണമായിത്തീരുകയുംചെയ്തു. പട്ടികയിൽ പേരു ചേർത്ത പതിനഞ്ചു ഭാഷകളിൽ ചിലവയേക്കാളേറെ പ്രചാരമുള്ള വേറെയും പല ഭാഷകളും ഇന്ത്യയിൽ സംസാരിച്ചുവരുന്നുണ്ടു്. ഇവയിൽ ചിലവ ഗണ്യമായ സാഹിത്യസമ്പത്തുൾക്കൊള്ളുന്നവയുമാണു്. പട്ടികയിൽപ്പെട്ട ഭാഷകളുടേതിനു തുല്യമായ പദവി ഈ ഭാഷകൾക്കും ലഭിക്കണമെന്ന വാദം, സ്വാഭാവികമായും, ഉയർന്നു. കൊങ്കണി ഒരു ഉദാഹരണമാണു്. കൊങ്കണിക്കു തനതായ ഒരു ലിപി ഇല്ലായിരുന്നു. മഹാരാഷ്ട്രപ്രദേശത്തു് ദേവനാഗരിയിലും ഗോവയിൽ റോമൻ ലിപിയിലും കർണാടകപ്രദേശത്തു് കന്നഡലിപിയിലുമാണു കൊങ്കണി എഴുതപ്പെട്ടിരുന്നതു്. എങ്കിലും, സമൃദ്ധമായ ഒരു സാഹിത്യം പ്രത്യേകിച്ചും നാടോടിസാഹിത്യം, ആ ഭാഷയിലുണ്ടായിരുന്നു. കൊങ്കണിയുടെ സ്വതന്ത്രഭാഷാ പദവി അംഗീകരിച്ചുകിട്ടാൻ ഒരു പ്രക്ഷോഭണം സംഘടിപ്പിക്കപ്പെട്ടു. മറാഠിയുടെ ഒരു ഉപഭാഷയാണു് കൊങ്കണി എന്ന വാദം വിലപ്പോയില്ല. ഒടുവിൽ, കൊങ്കണി ഒരു സ്വതന്ത്രഭാഷയെന്നു് അംഗീകരിക്കപ്പെട്ടു: ആ ഭാഷ പ്രാഥമികവിദ്യാഭ്യാസത്തിന്റെ മാദ്ധ്യമമായിത്തീരുകയുംചെയ്തു. സാഹിത്യഅക്കാദമി കൊങ്കണിഭാഷയിലെ കൃതികൾക്കും വർഷംതോറും സമ്മാനം ഏർപ്പെടുത്തി. ഇപ്പോൾ ദേവനാഗരി ലിപിയിൽ എഴുതപ്പെടുന്ന കൊങ്കണിക്കു് ഇന്ത്യയിലെ മറ്റു പ്രാദേശികഭാഷകളുടേതിനു തുല്യമായ അന്തസ്സു കൈവന്നിട്ടുണ്ടു്. താമസിയാതെ അതു് ഗോവയിലെ ഭരണഭാഷ ആയിക്കൂടെന്നുമില്ല.

സ്വതന്ത്രഭാഷാപദവി അവകാശപ്പെടുന്ന മറ്റൊരു ഭാരതീയഭാഷയാണു മൈഥിലി. ഹിന്ദിഭാഷാപ്രദേശത്തിനും ബംഗാളിഭാഷാപ്രദേശത്തിനും മദ്ധ്യത്തിൽ ബീഹാറിലെ വിസ്തൃതമായ ഒരു ഭൂപ്രദേശത്തു് മൈഥിലി സംസാരിക്കപ്പെടുന്നു. വിദ്യാപതിയുടെ ഗീതങ്ങൾമുതൽ സമൃദ്ധമായ ഒരു സാഹിത്യം മൈഥിലിയിൽ വളർന്നുവന്നിട്ടുമുണ്ടു്. എങ്കിലും, മൈഥിലിയെ ഇപ്പോഴും ഹിന്ദിയുടെ ഒരു ഉപഭാഷയായേ കണക്കാക്കുന്നുള്ളു. തുളസീദാസ് രാമായണത്തിന്റെ ഭാഷയായ 'അവധി'യും ഇതുപോലെ ഹിന്ദിയുടെ മറ്റൊരു ഉപഭാഷയാണു്. അംഗിക, വർജിക, വ്രജഭാഷ, പഹാഡി മുതലായി ഹിന്ദിക്കു് എത്രയോ ഉപഭാഷകളുണ്ടു്. ഇവയെല്ലാക്കെ സ്വതന്ത്ര ഭാഷാപദവി കൈവന്നാൽ, ഹിന്ദിഭാഷ ഡൽഹി നഗരത്തിന്റെ പരിസരത്തിലെ ജനങ്ങളുടെ പ്രാദേശികഭാഷ മാത്രമായി ചുരുങ്ങിപ്പോവുമെന്ന ഭയമാണു് ഈ ഭാഷകളുടെ സ്വാതന്ത്ര്യം അംഗീകരിക്കുന്നതിനു തടസ്സമായി നിലകൊള്ളുന്നതു്.

കാശ്മീർ താഴ്‌വര, ലഡാക്ക്, ജമ്മു എന്ന മൂന്നു വ്യത്യസ്ത ഭൂവിഭാഗങ്ങളടങ്ങിയതാണ് ഇന്നത്തെ കാശ്മീർസ്റ്റേറ്റ്. കാശ്മീർ താഴ്‌വരയിലെ ഭാഷയായ കശ്മീരി ഭരണഘടനയിലെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഉർദുവാണ് കാശ്മീരിലെ ഭരണഭാഷയും അദ്ധ്യയനമാദ്ധ്യമവും.

ജമ്മുവിലെ ഭാഷ ഡോഗ്രിയാണ്. ഡോഗ്രി സംസാരിക്കുന്നവർ ജമ്മുവിൽ മാത്രമല്ല, പഞ്ചാബിലും ഹിമാചലപ്രദേശിലുമുണ്ട്. ഡോഗ്രിഭാഷയെക്കൂടി ഭരണഘടനയിലെ ഭാഷാപട്ടികയിൽപ്പെടുത്തിക്കിട്ടുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭണത്തിന്, 1983 ഏപ്രിൽ മാസത്തിൽ ജമ്മുവിൽ നടന്ന 'ഡോഗ്രി സമ്മേളന'ത്തിനുശേഷം, ശക്തി വർദ്ധിച്ചിട്ടുണ്ട്. മുമ്പ് കാശ്മീരിലെ രാജപ്രമുഖനായിരുന്ന ഡോ. കർണസിംഹനാണ് ഈ പ്രക്ഷോഭണത്തിന്റെ നേതാവ്.

ഡോഗ്രിഭാഷയ്ക്ക് സ്വന്തമായ ഒരു ലിപിമാല ഉണ്ട്. 'ഡോഗ്ര അക്ഖർ' എന്നറിയപ്പെടുന്ന ഈ ലിപിമാലയ്ക്ക്, പക്ഷേ, പ്രചാരം കുറവാണ്. ഉർദു എഴുതാൻ ഉപയോഗിക്കുന്ന പേഴ്സ്യൻ ലിപിയാണ് ഡോഗ്രി എഴുതാനും കൂടുതലായി ഉപയോഗപ്പെടുത്തിവന്നിരുന്നത്. എന്നാൽ, 1920–കളിൽത്തന്നെ ഡോഗ്രി സാഹിത്യകാരന്മാർ ആ ഭാഷയ്ക്ക് ദേവനാഗരിലിപിയാണു കൂടുതൽ യോജിക്കുക എന്ന അഭിപ്രായക്കാരായിരുന്നു. 1950--കളിൽ കാശ്മീർ ഗവണ്മെന്റ് നിയമിച്ച ഒരു കമ്മിററിയും ദേവനാഗരിലിപിയുടെ ഭാഗത്തു ചേർന്നു. ഇപ്പോൾ ഏതായാലും, ദേവനാഗരിലിപിക്കു ഡോഗ്രിഭാഷാപ്രണയികൾ ഏറെക്കുറെ ഏകകണ്ഠമായ പിൻതുണ പ്രഖ്യാപിച്ചിരിക്കുന്നു.

ക്രി. പി. പതിന്നാലാം ശതാബ്ദത്തിൽത്തന്നെ ഡോഗ്രിഭാഷ നിലവിലുണ്ടായിരുന്നു. കാശ്മീർ മഹാരാജാക്കന്മാരുടെ മാതൃഭാഷയെന്ന നിലയിൽ ഡോഗ്രിക്കു സവിശേഷ പരിഗണനയും ലഭിച്ചുവന്നിരുന്നു. എങ്കിലും, ഭരണഭാഷയെന്ന നിലയോ, വിദ്യാഭ്യാസമാദ്ധ്യമമെന്ന നിലയോ ഡോഗ്രിക്ക് ഇനിയും കൈവന്നിട്ടില്ല. ഒമ്പതും പത്തും ക്ലാസ്സുകളിൽ ഒരു അധിക–ഐച്ഛിക വിഷയം എന്ന നിലയിലും, പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകളിൽ ഒരു വൈകല്പിക(ഇലക്ടീവ്)വിഷയമെന്ന നിലയിലും ഡോഗ്രി പഠിപ്പിക്കാൻ അടുത്തകാലത്ത് കാശ്മീർ സ്റ്റേറ്റ്ഗവണ്മെന്റ് തീരുമാനിക്കുകയുണ്ടായി. ഇത്രയുംകൊണ്ടു ഡോഗ്രകൾ തൃപ്തിപ്പെടുമെന്നു കരുതിക്കൂടാ. പ്രാഥമികഘട്ടത്തിൽ മാദ്ധ്യമമായും സെക്കണ്ടറിഘട്ടത്തിൽ രണ്ടാം ഭാഷയായും ജമ്മുപ്രദേശത്ത് ഡോഗ്രി പഠിപ്പിക്കാൻ ഏർപ്പാടുണ്ടാക്കുകയാണ് ഉചിതം.

ഭരണഘടനയിലെ ഭാഷപ്പട്ടികയിൽ ഡോഗ്രി ഉൾപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രഗൃഹമന്ത്രാലയം നിരസിച്ചിരിക്കുകയാണ്. ഏതെങ്കിലും ഭാഷയെ ആ പട്ടികയിൽ ഉൾപ്പെടുത്തിയതുകൊണ്ട് ആ ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കു പ്രത്യേകിച്ച് ഒരാനുകൂല്യവും കൈവരുന്നില്ല. ഭരണഘടനയിലെ പട്ടികയിൽ പേരു ചേർക്കാത്ത ഭാഷകൾ സംസാരിക്കുന്ന ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും ഭരണഘടന സംരക്ഷിക്കുന്നുണ്ട്. നേപ്പാളി, മണിപൂരി, കൊങ്കണി, മൈഥിലി, ഡോഗ്രി എന്നീ ഭാഷകൾ എട്ടാം പട്ടികയിലില്ല; പക്ഷേ, അവ സംസാരിക്കുന്നവരുടെ അവകാശങ്ങൾ ഇപ്പോഴും അവഗണിക്കപ്പെടുന്നില്ല. മാത്രമല്ല, ഭരണഘടനയിലെ പട്ടികയിൽ പുതുതായി ഒരു ഭാഷയുടെ പേരുകൂടി ചേർത്താൽ, അനേകശതം ഭാഷകൾ അതേ അവകാശവാദവുമായി മുന്നോട്ടു വരാൻ ഉണ്ടാവും. അതിനാൽ, എട്ടാംപട്ടിക അതേപടി നിലനിർത്തുന്നതാണു ബുദ്ധി. പട്ടികയിൽ ഡോഗ്രിയുടെ പേരു് ചേർക്കാതിരിക്കാൻ കേന്ദ്രഗവണ്മെന്റ് ഉന്നയിക്കുന്ന യുക്തികൾ ഇവയൊക്കെയാണ്.

അങ്ങനെയാണു കാര്യമെങ്കിൽ, ഭരണഘടനയിലെന്തിനു് ഒരു ഭാഷപ്പട്ടിക എന്നു് ഡോഗ്രികൾ തിരിച്ചു ചോദിക്കുന്നു. ഒരു പ്രയോജനവുമില്ലാതെ, അജാഗളസ്തനംപോലെ, ഒരു പട്ടിക എന്തിനു ഭരണഘടനയിൽ നിലനിർത്തുന്നു? അതു് എടുത്തു കളഞ്ഞുകൂടേ? ഡോഗ്രകളുടെ ഈ വാദത്തിൽ യുക്തിയില്ലായ്കയില്ല. പാർലമെൻറിൽ അവരുടെ ഭാഗം വാദിക്കാൻ സ്വാധീനശക്തിയുള്ള ആളുകൾ ധാരാളമുണ്ടതാനും. ആ നിലയിൽ ഡോഗ്രിയുടെ പ്രശ്നം, കൊങ്കിണിയുടെ പ്രശ്നത്തേക്കാളേറെ, ജനശ്രദ്ധ ആകർഷിക്കാൻ ഭാവിയിൽ സാദ്ധ്യത ഇല്ലായ്കയില്ല.

ഇന്ത്യയെപ്പോലെ ഒരു ബഹുഭാഷാരാഷ്ട്രമാണു് സോവ്യററ് യൂണിയൻ. തക്കസമയത്തു യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുകയും അതു ദൃഢതയോടെ നടപ്പിൽവരുത്തുകയുംചെയ്തുവഴി, തങ്ങളുടെ ഭാഷാപ്രശ്നത്തിനു ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സോവ്യററ് യൂണിയനു കഴിഞ്ഞു.

സോവ്യററ് യൂണിയൻെറ ഭാഷാനയമാണു് സ്വതന്ത്രഭാരതവും അനുകരിച്ചതു്. പക്ഷേ, യുക്തിസംഗതമായ സ്വന്തം തീരുമാനം നടപ്പിലാക്കാനായിരുന്നില്ല നമ്മുടെ ഭരണകർത്താക്കൾക്കു താല്പര്യമെന്നു മുമ്പു പറയുകയുണ്ടായല്ലോ. അവരുടെ കർത്തവ്യലോപം നമുക്കു വരുത്തിവെച്ച ദോഷങ്ങൾ വളരെയാണു്; വലിയവയുമാണു്. ഇപ്പോൾ കാട്ടുതീപോലെ ഇന്ത്യയുടെ വടക്കുകിഴക്കു പ്രദേശത്തും വടക്കുപടിഞ്ഞാറേ പ്രദേശത്തും ആളിക്കത്തിക്കൊണ്ടിരിക്കുന്ന ആസാം—പഞ്ചാബ് പ്രശ്നങ്ങളും, ആഴത്തിൽ ചിന്തിച്ചാൽ നമ്മുടെ ഭാഷാനയവുമായി (ശരിക്കു പറഞ്ഞാൽ നയരാഹിത്യവുമായി) ബന്ധപ്പെട്ടിരിക്കുന്നു.

ഭരണഘടനയിൽ വിശദമായി വിവരിക്കപ്പെട്ട ഭാഷാനയം ആത്മവഞ്ചന കൂടാതെ നടപ്പിൽ വരുത്തുന്നതിനുവേണ്ട ധൈര്യവും വിവേകവും നമ്മുടെ ഭരണാധികാരിവർഗത്തിനു് എന്നാണു കൈവരുക?

(18 ഏപ്രിൽ, 1983)

# 51. ഉർദ്ദു

ക്രിസ്ത്വബ്ദം പത്താംനൂററാണ്ടിനടുത്തു് പടിഞ്ഞാറേ ഏഷ്യയിൽനിന്നു വൻതോതിൽ ഇന്ത്യൻ ഭൂഖണ്ഡത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്തേക്കു് ഉണ്ടായ കുടിയേററത്തിൻെറ ഫലമായാണു് ഉർദ്ദുഭാഷ രൂപംകൊണ്ടതു്. കുടിയേററക്കാരിൽ അധികവും ആക്രമണകാരികളും പട്ടാളക്കാരുമായിരുന്നു. മററു ചിലർ വ്യാപാരികളും മതപ്രചാരകരും. ഇവരിൽ ഭൂരിഭാഗവും മുസ്ലിങ്ങളുമായിരുന്നു. തുർക്കി, പേഴ്സ്യൻ, അറബിക് മുതലായവയായിരുന്നു ഇവരുടെ മാതൃഭാഷകൾ.

'അപഭ്രംശങ്ങൾ' എന്ന പൊതുപ്പേരിൽ അറിയപ്പെട്ട ഏതാനും ഭാഷകളാണു് അന്നു് ഉത്തരേന്ത്യയിൽ സംസാരിച്ചുവന്നിരുന്നതു്. ഇവയെല്ലാം സംസ്കൃതത്തിൽനിന്നു് ഉത്ഭവിച്ചവയാണു്; എങ്കിലും ഇവയ്ക്കിടയിൽ ധാരാളം പ്രാദേശികഭേദങ്ങളുണ്ടായിരുന്നു. സാഹിത്യരചനയ്ക്കും അപൂർവമായി ഉപയോഗിക്കപ്പെട്ടിരുന്നെങ്കിലും അപഭ്രംശഭാഷകൾ ഏറെയും സംഭാഷണത്തിൽ ഒതുങ്ങിനിന്നു. ഇവ സംസാരിക്കുന്നവർ ഗൗരവമുള്ള സാഹിത്യനിർമിതിക്കു് ഉപയോഗപ്പെടുത്തിയിരുന്നതു് സംസ്കൃതത്തെയാണു്.